കുരിയാർകുറ്റി-കാരപ്പാറ പദ്ധതി

* 376. [404] ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുരിയാർകുറ്റി—കാരപ്പാറ പദ്ധതി നടപ്പിലാക്കാൻവേണ്ടി എന്തെങ്കിലും ബദൽ പരിപാടി കേന്ദ്രഗവൺമെന്റിനു സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എപ്പോൾ ; ബദൽ പദ്ധതിയെപ്പറ്റി വിശദീകരിക്കുമോ ?

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ & ബി) ഒരു തനി ജലസേചന പദ്ധതിയായി മാത്രം ഈ പദ്ധതി നടപ്പിലാക്കുവാനുള്ള സാദ്ധ്യതകൾ ആരായുവാനുള്ള ഇൻവെസ്റ്റിഗേഷൻ നടന്നുവരുന്നു. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രഗവൺമെന്റിനു അംഗീകാരത്തിനായി സമർപ്പിക്കും.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെയുള്ള പൈപ്പു കണക്ഷൻ

* 377. [405] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെയുള്ള പൈപ്പ് കണക്ഷനു് ഇന്നു് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കണക്ഷൻ നിയന്ത്രണം ഏർപ്പെടുത്താൻ കാരണങ്ങൾ എന്താണ് ;

(സി) കണക്ഷൻ കൊടുക്കരുതെന്ന് നിർദ്ദേശിച്ചതിനുശേഷം സ്പെഷ്യൽ ഓർഡർ പ്രകാരം കണക്ഷൻ നൽകിയ കേസുകൾ ഈ സർക്കാരിന്റെ കാലത്ത് ഉണ്ടായിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ 30-10-1986 വരെയെത്ര ;

(ഇ) ആവശ്യക്കാർക്കെല്ലാം വെള്ളത്തിന്റെ ലഭ്യത നോക്കി കണക്ഷൻ നൽകാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാക്ക് നിർദ്ദേശം നൽകുമോ ?

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) പദ്ധതികളുടെ കപ്പാസിറ്റിയനുസരിച്ച് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ജലവിതരണ പദ്ധതികളുടെ കപ്പാസിറ്റി കുറവായതിനാലാണ് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളത്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) പദ്ധതിയുടെ കപ്പാസിറ്റിയനുസരിച്ച്, കണക്ഷൻ നൽകാൻ വേണ്ട നടപടികൾ എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly